ഉത്തരം

(എ) പുഴാതി പി.എച്ച്.സി.യിൽ നിലവിൽ ഒരു ഡോക്ടറുടെ തസ്തികയാണുള്ളത്. അവിടെ ജോലി നോക്കുന്ന ഡോക്ടർ സ്മിത ഇപ്പോൾ പ്രസവാവധിയിലാണ്.

(ബി) ഡോക്ടർ പ്രസവാവധിയിൽ ആയതിനാൽ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

153(180) പെരളശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രം

ശ്രീ. എം. വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) കണ്ണൂർ ജില്ലയിലെ പെരളശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രം ആശുപത്രിക്കായി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ,ബി) ഉണ്ട്. പെരളശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രം കേവലം ഒ.പി. വിഭാഗം മാത്രം ലഭ്യമായ മിനി പി.എച്ച്. സി.യാണ്. പ്രസ്തുത കേന്ദ്രം ഒരു ആശുപത്രിയായി ഉയർത്തുവാനുള്ള യാതൊരു ഭൗതിക സാഹചര്യവും നിലവിലില്ലാത്തതിനാൽ പ്രസ്തുത പി.എച്ച്.സി ഉടനെ ഒരു ആശുപത്രിയായി ഉയർത്തുവാൻ നിർവ്വാഹമില്ല.

154(181) വൃദ്ധസദനം

ശ്രീമതി രാധാരാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) അഗതികളായ വൃദ്ധരോഗികളുടെ പരിചരണത്തിനും പുനരധിവാസത്തിനുമായി സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും വൃദ്ധസദനം നിർമ്മിക്കുവാനും അവരുടെ പരിചരണത്തിനുമായി പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആരോഗ്യവകുപ്പിന്റെ കീഴിൽ 12 കിടക്കകളുള്ള ഒരു ജറിയാട്രിക്ക് വാർഡ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിർമ്മിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളജിൽ വൃദ്ധജനങ്ങളുടെ ചികിത്സയ്ക്കായി ' ജറിയാട്രിക്ക് ക്ലിനിക്ക്' എന്ന പദ്ധതി പ്രത്യേകമായി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പ്രാദേശിക സാഹചര്യം കണക്കിലെടുത്തും മാത്രമേ ഇക്കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly